ഡയറക്ടറുടെ ഓഫീസിൽനിന്നും പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ ഓഫീസിൽ എന്നാണ് ലഭ്യമായത്;

(ബി) പ്രസ്തുത ഫയലിൽ (47018/എസ്2/99/ജി.എഡ്യു.) വായ്പ അനുവദിച്ച് ഉത്തരവായതെന്നാണ്;

(സി) അടിയന്തിരമായിട്ട് ചികിത്സ ലഭിക്കേണ്ട ഇക്കാര്യത്തിൽ ഇത്രയും കാലതാമസത്തിന് ഇടയായ സാഹചര്യമെന്താണ്;

(ഡി) കാലതാമസത്തിന് ഉത്തരവാദികളാരെല്ലാമാണ്;

(ഇ) അവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) മലപ്പുറം ജില്ലയിലെ മേൽമുറി ഗവൺമെന്റ് യു. പി. സ്കൂളിലെ അറബിക് അദ്ധ്യാപകനായ ശ്രീ. കെ.എം. അബ്ദുൾ റഷീദിന് ഹൃദയ ശസ്ത്രക്രിയയ്ക്കായി 1,50,000 രൂപ (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ 10.9.99-ൽ പൊതുവിദ്യാഭ്യാസ (എസ്) വകുപ്പിൽ ലഭിക്കുകയുണ്ടായി. അതിൻമേൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ അഭിപ്രായം ആവശ്യപ്പെടുകയും ആ വകുപ്പ് 1,10,000 രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിച്ചു നൽകുവാൻ സമ്മതിക്കുകയും തുടർന്ന് ധനകാര്യ വകുപ്പിന്റെ സമ്മതവും നേടിയശേഷം ശ്രീ. കെ.എം. അബ്ദുൾ റഷീദിന് 1,10,000 രൂപ (ഒരു ലക്ഷത്തി പതിനായിരം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ജി.ഒ. (ആർ.ടി.) 5389/99/ജി.ഡബ്ല്യു. നമ്പർ സർക്കാർ ഉത്തരവ് 10.12.99-ൽ പുറപ്പെടുവിക്കുകയുണ്ടായി. ഇതിൽ കാലതാമസം ഉണ്ടായിട്ടില്ല.

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല.

93 (1311) ഡി.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം താലൂക്കുകളിൽ ഡി.ഇ.ഒ. ഓഫീസ് പ്രവർത്തിക്കുന്നുണ്ട്;

(ബി) തികച്ചും മലയോര താലൂക്കായ നെടുമങ്ങാട് താലൂക്കിൽ ഒരു ഡി.ഇ.ഒ. ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതു സംബന്ധിച്ച് വിവിധ അദ്ധ്യാപക യൂണിയനുകൾ നൽകിയ നിവേദനത്തിൽ മേൽനടപടി സ്വീകരിക്കുമോ;

(ഡി) ഡി.ഇ.ഒ. ഓഫീസ് നെടുമങ്ങാടില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം, ആറ്റിങ്ങൽ, നെയ്യാറ്റിൻകര എന്നീ താലൂക്കുകളിൽ ഡി.ഇ.ഒ. ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) സർക്കാരിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഇതു പരിശോധിച്ച് വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുന്നതാണ്.

94 (1312) സെക്കന്റ് ഹാന്റ് കമ്പ്യൂട്ടർ വാങ്ങാൻ തീരുമാനം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്വേണ്ടി ഏതെങ്കിലും വിദേശ രാജ്യങ്ങളിൽനിന്നും സെക്കന്റ് ഹാന്റ് കമ്പ്യൂട്ടർ വാങ്ങുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇപ്പോൾ കേരളത്തിൽ എത്ര സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനസൗകര്യം ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉപയോഗിച്ചിട്ടുള്ളതും പ്രവർത്തനക്ഷമമായിട്ടുള്ളതുമായ കമ്പ്യൂട്ടറുകൾ സൗജന്യമായി ലഭ്യമാക്കാനുള്ള ആലോചനകൾ നടക്കുന്നുണ്ട്. അവസാനരൂപം നൽകിയിട്ടില്ല.

(ബി) ഇപ്പോൾ കേരളത്തിൽ 519 സ്കൂളുകളിൽ കമ്പ്യൂട്ടർ പഠന സൗകര്യമുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	-	78
കൊല്ലം	-	39
പത്തനംതിട്ട	-	30
ആലപ്പുഴ	-	39
കോട്ടയം	-	26
ഇടുക്കി	-	35
എറണാകുളം	-	63
തൃശ്ശൂർ	-	34
പാലക്കാട്	-	25
കോഴിക്കോട്	-	30
കണ്ണൂർ	-	43
വയനാട്	-	14
മലപ്പുറം	-	35
കാസർഗോഡ്	-	28

LIBRARY ARCHIVES Kerala Legislative Assembly